# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2430 7.10.2016-ൽ മറുപടിയ്ക്ക്

### പശുക്കളെ ബാധിച്ച ബ്രുസെല്ലോസിസ് (മാൾട്ടപ്പനി) രോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.വി.എസ്.സുനിൽകുമാർ<br>(കൃഷി ,മണ്ണ് പര്യവേഷണവും&സംരക്ഷണവും കാർഷിക,വെറ്ററിനറി സർവ്വകലാശാല,വെയർഹൗസിങ്ങ് കോർപ്പറേഷൻ വകുപ്പ് മന്ത്രി) |
| എ) | കേരള വെറ്ററിനറി സർവ്വകലാശാലയുടെ തിരുവിഴാംകുന്നിലെ ഫാമിൽ ഏതാനും പശുക്കൾക്ക് ബ്രുസെല്ലോസിസ് (മാൾട്ടപ്പനി) പിടിപെടുകയുണ്ടായോ; | എ) ഉണ്ടായി |
| ബി) | എങ്കിൽ എത്ര പശുക്കൾക്കാണ് മാൾട്ടപ്പനി ബാധിച്ചത്; എന്താണിതിന്റെ രോഗലക്ഷണങ്ങൾ; | തൊണ്ണൂറ് എണ്ണത്തിനാണ് മാൾട്ടപ്പനി ഇപ്പോൾ സ്ഥിരീകരിച്ചിട്ടുള്ളത്. പശുക്കളിൽ ഗർഭമലസലും, വന്ധ്യതയുമാണ് ലക്ഷണങ്ങൾ. |
| സി) | ഈ പശുക്കളെ മണ്ണുത്തി വെറ്ററിനറി കോളേജിലേക്ക് കൊണ്ടുവരാനുള്ള അനുമതി കേന്ദ്ര മൃഗക്ഷേമ ബോർഡ് പിൻവലിക്കുകയുണ്ടായോ; എങ്കിൽ പിൻവലിക്കാനുണ്ടായ സാഹചര്യമെന്ത്; | സി) പിൻവലിക്കുകയുണ്ടായി. രോഗബാധിതരായ മൃഗങ്ങളെ വാഹനത്തിൽ കൊണ്ടുപോകാൻ കേന്ദ്ര മൃഗ ക്ഷേമ ബോർഡ് അനുവദിക്കുന്നതല്ല. |
| ഡി) | അനുമതി പിൻവലിച്ചത് പുന:പരിശോധിക്കാൻ ബോർഡിനോടാവശ്യപ്പെട്ടുമോ; | ഡി) പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. |
| ഇ) | ഇല്ലെങ്കിൽ മറ്റെന്ത് ബദൽ സംവിധാനമാണ് ഈ പശുക്കളുടെ കാര്യത്തിൽ സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | ഇ) രോഗബാധിതരായ മൃഗങ്ങളെ ശാസ്ത്രീയ ചട്ടങ്ങൾ അനുസരിച്ച് വിദഗ്ദരുടെ മേൽ നോട്ടത്തിൽ ദയാവധം ചെയ്ത് ഫാമിൽ തന്നെ മറവു ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ